SJD/4044/2021-F3

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം അഞ്ജന ഐ എ എസ്)

ഉത്തരവ് നം. SJD/4044/2021-F3

തിരുവനന്തപുരം,
തീയതി. 28/12/2021

---

വിഷയം: സാമൂഹ്യ നീതി വകുപ്പ് - സുനാമി റിഹാബിലിറ്റേഷൻ പ്രോഗ്രാം. - ചെലവഴിച്ച തുകകളുടെ വിശദാംശം കണ്ടെത്തുന്നതിന് സ്പെഷൽ ആഡിറ്റ് ടീം രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : ഗവ.സെക്രട്ടറിയേറ്റ് ഡിസാസ്റ്റർ മാനേജ് മെന്റ് (ബി) വകുപ്പിൽ നിന്നുള്ള 20.10.2021 ലെ കത്ത്

സംസ്ഥാനത്ത് സുനാമി റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം സാമൂഹ്യ നീതി വകുപ്പിൽ അംഗനവാടി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുകയുണ്ടായി. ടി ഫണ്ടിൽ നിന്നും തുകകൾ വിവിധ ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് ലഭിച്ച തുകയും വിതരണം ചെയ്ത തുക, തുകയുടെ DD നൽകിയ തീയ്യതി എന്നിവ വ്യക്തമായി റജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറിൽ തുക അനുവദിച്ച് നൽകിയതിന്റെ ലിസ്റ്റ് റജിസ്റ്ററിൽ പതിപ്പിച്ചിട്ടില്ലാത്തതുമാണ്. ഈ സാഹചര്യത്തിൽ തുകയുടെ കൃത്യമായ വിനിയോഗത്തിന്റെ കണക്കുകൾ സുനാമി സെല്ലിന് നാളിതു വരെ നൽകുവാൻ കഴിയാത്ത സാഹചര്യമാണ് സംജാതമായിട്ടുള്ളത്. 10,10,76,250 രൂപ മൊത്തം അനുവദിച്ചതിൽ 1,22,360 രൂപ സുനാമി പ്രോജക്റ്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട് ശേഷിക്കുന്ന തുകയിൽ 9,86,91,937/- രൂപയുടെ യൂണിറ്റ് വൈസ് ചെലവ് വിവരമാണ് സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. 18,11,856 രൂപ ഡെബിറ്റിലും, 11,56,097/- രൂപ ക്രെഡിറ്റിലും അൺ ഗ്രൂപ്പ് ആയി നിൽക്കുന്നു. ഇതിൽ അൺ ഗ്രൂപ്പ് തുക കൂടുതലുള്ളത് കൊല്ലം ജില്ലയിലാണ്. ഈ സാഹചര്യത്തിൽ സുനാമി ഫണ്ട് വിതരണം സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തി ഫണ്ടിന്റെ വിതരണത്തിന്റെയും, ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ കണ്ടെത്തുന്നതിനും യൂണിറ്റ് വൈസ് ചെലവ് വിവരം നൽകുന്നതിനും ചുവടെ പറയുന്ന ഉദ്യോഗസ്ഥരുടെ ടീം- നെ നിയോഗിച്ച കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു:

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര് | തസ്തിക | ജോലി ചെയ്യുന്ന കാര്യാലയം. |
|---|---|---|---|
| 1 | ശ്രീമതി.സി എസ് ശ്രീജ | സീനിയർ ഫിനാൻസ് ഓഫീസർ | സാമൂഹ്യ നീതി ഡയറക്ടറേറ്റ് |

| | | | |
|---|---|---|---|
| 2 | ശ്രീ.പവിത്രൻ തൈക്കണ്ടി | അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യ നീതി ഡയറക്ടറേറ്റ് |
| 3 | ശ്രീമതി.ശ്രീജ ചന്ദ്രൻ | സീനിയർ സൂപ്രണ്ട് | ജില്ലാ സാമൂഹ്യ നീതി ഓഫീസ്,കൊല്ലം |
| 4 | ശ്രീ.ജോസ് ഫ്രാൻസിസ് | ജൂനിയർ സൂപ്രണ്ട് | സാമൂഹ്യ നീതി ഡയറക്ടറേറ്റ് |
| 5 | ശ്രീ.പ്രദീപ് | ഹെഡ് അക്കൗണ്ടന്റ് | ജില്ലാ സാമൂഹ്യ നീതി ഓഫീസ്,കൊല്ലം |
| 6 | ശ്രീ.പ്രതീഷ് ന്യൂർജെറ്റ് | സീനിയർ ക്ലർക്ക് | സാമൂഹ്യ നീതി ഡയറക്ടറേറ്റ് |

ആഡിറ്റ് ടീമിന്റെ പരിശോധന വിഷയങ്ങൾ

1. 2006 -2014 കാലയളവിൽ ഓരോ യൂണിറ്റിനും ചെലവഴിച്ച (ഓരോ അംഗനവാടിക്കും) തുക സംബന്ധിച്ച വിവരം, ധന വിനിയോഗ സാക്ഷ്യ പത്രം,ടി തുക ഏതൊക്കെ പദ്ധതികൾക്കാണ് ചെലവഴിച്ചത് എന്നത് സംബന്ധിച്ച റിപ്പോർട്ട് എന്നിവ ലഭ്യമാക്കി പരിശോധിക്കുക.

2.Ungroup ആയി കിടക്കുന്ന തുകകളുടെ വിശദാംശങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട്, ധന വിനിയോഗ സാക്ഷ്യ പത്രം, ടി തുക ഏതൊക്കെ പദ്ധതികൾക്കാണ് ചെലവഴിച്ചത് എന്നി വിവരങ്ങൾ ലഭ്യമാക്കൽ

3.വിവരങ്ങൾ ലഭ്യമല്ല എങ്കിൽ ഏത് രീതിയിൽ വിവര ശേഖരണം നടത്തണം എന്നത് സംബന്ധിച്ച ശുപാർശ നൽകൽ.

ടി ഉദ്യോഗസ്ഥർ ആവശ്യമായ കൂടിയാലോചനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് 3 ആഴ്ചയ്ക്കുള്ളിൽ നല്കേണ്ടതുമാണ്.

**M. ANJANA IAS**
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്.

-

File No.SJD/4044/2021-F3

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കൊല്ലം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്